LIBRARY ARCHIVES Kerala Legislative Assembly

ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള വിദ്യാഭ്യാസ വായ്പ

158 (1532) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള വിദ്യാഭ്യാസ വായ്പയ്ക്കായി അനുവദിച്ച തുക; ചെലവഴിക്കാതെ ട്രഷറിയിൽ ബാക്കി നിൽക്കുന്ന തുക എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ന്യൂനപക്ഷ വിഭാഗക്കാർക്കുള്ള വിദ്യാഭ്യാസ വായ്പയ്ക്ക് സംസ്ഥാന സർക്കാർ ഗ്യാരന്റി നൽകണമെന്ന വ്യവസ്ഥ പാലിക്കപ്പെടുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ;

(സി) സർക്കാർ ഗ്യാരന്റി നൽകാത്തതിന്റെ പേരിൽ എത്ര അപേക്ഷകർക്ക് നീതി നിഷേധിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ വിദ്യാഭ്യാസ വായ്പ ഇനത്തിൽ 4,08,33,700 (നാല് കോടി എട്ട് ലക്ഷത്തി മുപ്പത്തിമൂന്നായിരത്തി എഴുന്നൂറ് രൂപ മാത്രം) രൂപ വിതരണം ചെയ്തു. ചെലവഴിക്കാതെ ട്രഷറിയിൽ ബാക്കി തുകയില്ല.

(ബി&സി) ബാധകമല്ല.

ന്യൂനപക്ഷക്ഷേമ വകുപ്പിലെ നിയമനങ്ങൾ

159 (1533) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമ വകുപ്പിലെ നിയമനങ്ങൾ സംബന്ധിച്ച് സ്പെഷ്യൽ റൂൾ രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടികൾ ഏതുവരെയായെന്ന് വ്യക്തമാക്കുമോ;

(ബി) സ്പെഷ്യൽ റൂൾ നിലവിലില്ലെങ്കിൽ ആയതിനു പകരമുള്ള എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) ന്യൂനപക്ഷക്ഷേമ വകുപ്പിന് ഇതുവരെ അനുവദിച്ചിട്ടുള്ള തസ്തികകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; പ്രസ്തുത തസ്തികകളുടെ യോഗ്യത നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;